**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 5987**

**02.04.2018 ലെ മറുപടിയ്ക്ക്**

**ഓഡിറ്റ് മാന്വൽ തയ്യാറാക്കാനായി കരാർ നൽകിയ കമ്പനി**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. എൻ .എ.നെല്ലിക്കുന്ന്** | | **ഡോ: ടി. എം.തോമസ് ഐസക്**<br>ബഹു: ധനകാര്യവും കയറും വകുപ്പമന്ത്രി |
| എ | സംസ്ഥാന ഓഡിറ്റ് കമ്മീഷൻ നിലവിൽ വരുമെന്നറിഞ്ഞിട്ടും ഓഡിറ്റ് മാന്വൽ തയ്യാറാക്കാനായി ഏതെങ്കിലും കമ്പനിയെ ഏൽപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | 2017-18 -ലെ ബഡ്ജറ്റ് പ്രസംഗത്തിലാണ് ഓഡിറ്റ് കമ്മീഷൻ രൂപീകരിക്കുമെന്ന് ബഹു.ധനവകുപ്പ് മന്ത്രി പ്രഖ്യാപിച്ചിട്ടുള്ളത്.അതിനുമുമ്പ് 16/07/2014-ലെ 86307/ എസ്റ്റാ.ഡി1/13/ധന നമ്പർ കത്ത് പ്രകാരം ലോകബാങ്ക് സഹായത്തോടെ ഓഡിറ്റ് മാന്വൽ തയ്യാറാക്കുന്നതിനായുള്ള അനുമതി കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് നൽകുകയും 05/12/2015-ലെ സ.ഉ(സാധാ) 10579/2015/ധന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഓഡിറ്റ് മാന്വൽ തയ്യാറാക്കുന്നതിനുള്ള ടേംസ് ഓഫ് റഫറൻസിന് (TOR) അംഗീകാരം നൽകുകയും ചെയ്തു. പ്രസ്തുത TOR പ്രകാരം M/s Price Water house Coopers Ltd (PWC) എന്ന കമ്പനിയെ മാന്വൽ തയ്യാറാക്കുന്നതിനായി Kerala Local Government Service Delivery Project (KLGSDP) ചുമതലപ്പെടുത്തുകയുണ്ടായി. |
| ബി | എങ്കിൽ ഏത് കമ്പനിയുമായി എപ്പോഴാണ് ഇത് സംബന്ധിച്ച കരാറിൽ ഒപ്പുവെച്ചിട്ടുള്ളത് ; വ്യക്തമാക്കാമോ; | ഓഡിറ്റ് മാന്വൽ തയ്യാറാക്കുന്നതിനുള്ള കരാർ PWC( M/s Price Water house Coopers Ltd) ഉം KLGSDP മായി 05/01/2017 നാണ് കരാർ ഒപ്പ വച്ചിട്ടുള്ളത്. |
| സി | എത്ര രൂപയുടെ കരാറാണെന്നും ഏത് ഫണ്ടാണ് ഇതിനായി ഉപയോഗിക്കുന്നതെന്നും വ്യക്തമാക്കാമോ; | നികുതി ഒഴികെ 76,44,000/- രൂപയ്ക്കാണ് PWC (M/s Price Water house Coopers Ltd) KLGSDP മായി കരാർ വച്ചത്. ലോകബാങ്ക് ഫണ്ടാണ് ഉപയോഗിച്ചിട്ടുള്ളത്. |
| ഡി | ടെണ്ടർ വിളിച്ചാണോ കരാർ നൽകിയതെന്നും എത്ര കമ്പനികൾ ടെണ്ടറിൽ പങ്കെടുത്തുവെന്നും വ്യക്തമാക്കാമോ; | ലോക ബാങ്കിന്റെ പദ്ധതി നിർവ്വഹണ രീതി അവലംബിച്ച് ഓഡിറ്റ് മാന്വൽ നിർമ്മാണം സുതാര്യമായ പ്രൊക്യൂർമെന്റ് രീതിയിലൂടെ സർക്കാർ അംഗീകരിച്ച ടേംസ് ഓഫ് റഫറൻസ് പ്രകാരം താൽപര്യ പത്രം ക്ഷണിച്ച് ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത കമ്പനിയെയാണ് KLGSDP തെരഞ്ഞെടുത്തത്. 5 കമ്പനികൾ പങ്കെടുത്തു. |

| | | |
|---|---|---|
| ഇ | ടെണ്ടർ വിളിക്കാതെ ഒരു പ്രത്യേക കമ്പനിക്കാണ് കരാർ നൽകിയതെങ്കിൽ അതിനുള്ള കാരണവും മാനദണ്ഡവും എന്താണെന്ന് വ്യക്തമാക്കാമോ? | ബാധകമല്ല |

അക്കൗണ്ട്സ് ഓഫീസർ